# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## ഞാൻ നിങ്ങളോടു മാപ്പപേക്ഷിക്കുന്നു-പാപ്പാ



റോമിലും വത്തിക്കാനിലും അടുത്തയിടെ ഉണ്ടായ ഇടർച്ചകൾക്ക്, ഫ്രാൻസിസ് പാപ്പാ സഭയുടെ നാമത്തിൽ മാപ്പപേക്ഷിച്ചു.

ബുധനാഴ്ച (14/10/15) വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ അങ്കണത്തിൽ അനുവദിച്ച പ്രതിവാരപൊതുക്കൂടിക്കാഴ്ചാവേളയിൽ നടത്തിയ പ്രഭാഷണത്തിന്റെ ആരംഭത്തിലാണ് പാപ്പാ പരസ്യമായി മാപ്പു ചോദിച്ചത്.

ദുഷ്പ്രേരണയേകുന്നവർക്ക് യേശു താക്കീത് നല്കുന്ന സുവിശേഷഭാഗത്തിൽ നിന്നുള്ള വാക്യങ്ങൾ അതായത്, മത്തായിയുടെ സുവിശേഷം പതിനെട്ടാം അദ്ധ്യായം 7, 8, 10 വാക്യങ്ങൾ പ്രതിവാരപൊതുദർശനത്തിന്റെ തുടക്കത്തിൽ വായിക്കപ്പെട്ടു പശ്ചാത്തലത്തിൽ ഇടർച്ചമൂലം ലോകത്തിനു ദുരിതം എന്ന യേശുവിന്റെ ശക്തമായ വാക്കുകൾ ഉദ്ധരിച്ചതിനു ശേഷമാണ് പാപ്പാ, റോമിലും വത്തിക്കാനിലും ഈ അടുത്ത കാലത്തുണ്ടായ ഇടർച്ചകൾക്ക്, സഭയുടെ നാമത്തിൽ നിങ്ങളോടു മാപ്പു ചോദിക്കാൻ ആഗ്രഹിക്കുകയാണ്, ഞാൻ നിങ്ങളോടു മാപ്പപേക്ഷിക്കുന്നു എന്നു പറഞ്ഞത്.